തൊഴിൽ വകുപ്പിന്റെ പുനഃസംഘടന

179 [277] ശ്രീ. കല്ലട നാരായണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽവകുപ്പ് പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേലുള്ള നടപടികൾ ഏതുവരെയായി എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ പുനഃസംഘടന ഘട്ടംഘട്ടമായി നടപ്പിലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

(ബി) 28-5-1979-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 51/79/തൊ. ഭ. അനുസരിച്ച് ആദ്യഘട്ടം നടപ്പിലാക്കിയിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുമ്പോൾ പുനഃസംഘടനയുടെ അടുത്ത ഘട്ടം ആലോചിക്കുന്നതാണ്.

ചെറുകിട ജലസേചനപദ്ധതി ഓഫീസുകളിൽ ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതായി പരാതി

180 [278] ശ്രീ. എ. എൻ. യൂസുഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട ജലസേചനപദ്ധതി ആഫീസുകളിൽ എഞ്ചിനീയർമാർ തൊട്ട് നിരവധി ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതു കാരണം പദ്ധതികൾ നടപ്പിലാക്കാൻ വളരെയധികം കാലതാമസം നേരിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്യോഗസ്ഥൻമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതു കാരണം പദ്ധതികൾ നടപ്പിലാക്കാൻ കാലതാമസം വരുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഒഴിഞ്ഞുകിടന്നിരുന്ന തസ്തികകളിൽ ഭൂരിഭാഗവും നികത്തിക്കഴിഞ്ഞു. ശേഷിച്ച് ഒഴിഞ്ഞുകിടപ്പുള്ള തസ്തികകളിൽ നിയമനം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly